

# വികാരിയിൽ നിന്ന് ....

29-06-2017

ദൈവനാമം മഹത്വപ്പെടട്ടെ!

കർത്താവിൽ പ്രീയ ദൈവജനമെ,

പ്രീയപ്പെട്ടവരേയും, വീടിനേയും, സ്വന്തം നാടിനേയും ഉപേക്ഷിച്ച് ജീവിതമാർഗ്ഗം തേടി ഈ ഗൾഫിന്റെ പ്രദേശത്ത് പ്രവാസജീവിതത്തിൽ ആയിരിക്കുന്ന നമ്മൾ അതിനെക്കുറിച്ച് മനസ്സിൽ ഗൃഹാതുരത്വം ഉണർത്തുന്ന ഓർമ്മകൾ കാത്തുസൂക്ഷിക്കുന്നവരാണ്. എന്നാൽ ചിലർക്ക് വർഷത്തിൽ ഒരിക്കലെങ്കിലും നാട്ടിൽ പോയി പ്രീയപ്പെട്ടവരെ കാണാനും, ബന്ധങ്ങൾ പുതുക്കാനും ലഭിക്കുന്ന അവസരങ്ങൾ വിലപ്പെട്ടതാണ്. നിർഭാഗ്യം എന്നു പറയട്ടെ ചിലർക്ക് പല കാരണങ്ങളാൽ നാട്ടിൽ പോയി പ്രീയപ്പെട്ടവരോടൊന്നിച്ച് സമയം ചിലവിടുവാൻ കഴിയാതെ പോകുന്നുണ്ട്. എങ്കിലും പ്രതീക്ഷ ഒളിമങ്ങാതെ നല്ല സ്മരണകൾ കാത്തുസൂക്ഷിക്കുവാൻ ഏവർക്കും കഴിയട്ടെ എന്ന് ആശംസിക്കുന്നു. ഈ ദിവസങ്ങളിൽ ധാരാളം പേർ നാട്ടിലേക്ക് പോകുവാൻ തയ്യാറെടുത്തുകൊണ്ടിരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷി ക്കുന്നു. അവധിക്കാലം പ്രീയപ്പെട്ടവരോട് ഒന്നിച്ചു ചിലവിടുവാൻ, ആ അവസരങ്ങൾ കൂട്ടായ്മയുടേയും, ആനന്ദത്തിന്റേയും, സന്തോഷത്തിന്റേയും, ധന്യനിമിഷങ്ങളായി ഉപയോഗപ്പെടുത്തുവാൻ ഏവർക്കും ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുകയും കൂടാതെ ഏവർക്കും യാത്രാമംഗളങ്ങൾ ആശംസികുകയും ചെയ്യുന്നു.

മർക്കോസിന്റെ സുവിശേഷം 2-ാം അദ്ധ്യായം ഒന്ന് മുതൽ 12 വരെയുള്ള വാക്യങ്ങളിൽ രേഖപ്പെടു ത്തിയിരിക്കുന്ന പക്ഷവാതക്കാരന്റെ കഥ നമുക്ക് സുപരിചിതമാണല്ലോ. കർത്താവ് ഇവിടെ സൗഖ്യത്തിനു പകരം ആദ്യം പാപമോചനമാണ് ആ വ്യക്തിക്ക് നൽകുന്നത്. ഇത് ചില സത്യങ്ങൾ വെളിവാക്കുന്നു. പാപമോചനവും, രോഗസൗഖ്യവും, ശരീരവും, മനസ്സും ഇവ രണ്ടും തമ്മിലും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു എന്നതാണ് ആ സത്യം. ആധുനിക വൈദ്യശാസ്ത്രം അംഗീകരിക്കുന്ന ഒരു സത്യമാണ് ഇത്. മനസ്സിന്റെ സംഘർഷവും, അസ്വസ്ഥതകളും ശാരീരികമായ പല രോഗങ്ങൾക്കും കാരണം ആകുന്നു എന്നുള്ളത് ഒരു വസ്തുതയാണ്. മനസ്സും ശരീരവും തമ്മിലുള്ള ഈ ബന്ധത്തെപ്പറ്റി യേശുക്രിസ്തു മനസ്സിലാക്കിയിരുന്നു എന്നത് ഇവിടെ വ്യക്തമാണ്. ആന്തരിക സൗഖ്യം (പാപമോചനത്തിൽ കൂടി) പ്രാപിക്കാതെ ശാരീരികമായ സ്വസ്ഥത പ്രാപിച്ചാൽ അത് താത്ക്കാലികം മാത്രമായിരിക്കും. പിന്നേയും പ്രശ്നങ്ങൾ സൃഷ്ടികാവുന്നതാണ്. അതുകൊണ്ട് യേശുവിന്റെ മുൻഗണന ക്രമത്തിൽ ആദ്യം പാപമോചനം നൽകി അവന് ആന്തരിക സൗഖ്യം വരുത്തുകയാണ് ചെയ്തത്.

നമ്മുടെ ഏറ്റവും വലിയ ആവശ്യം പാപമോചനം ആണെന്നുള്ള വസ്തുത നാം വിസ്മരിക്കുകയോ അവഗണിക്കുകയോ ചെയ്യരുത്.ഈ സംഭവത്തിൽക്കൂടി യേശു നമ്മുടെ ശ്രദ്ധയിൽ അക്കാര്യം കൊണ്ടുവരുന്നു. കൗൺസിലിംഗ് രംഗത്ത് പ്രവർത്തിക്കുന്നവർ വെളിപ്പെടുത്തുന്ന ഒരു വസ്തുത; ആന്തരിക സൗഖ്യത്തിനു പാപമോചന നിർണ്ണയം ഒരു പ്രധാന ഘടകം ആകുന്നു എന്നതാണ്. പലരും ഭൂതകാലത്തിന്റെ പല കുറ്റബോധവും പേറി ജീവിക്കുന്നവരാണ്. അസ്വസ്ഥമാക്കുന്ന പല സ്മരണകളും ഇങ്ങനെയുള്ളവരെ എപ്പോഴും വേട്ടയാടിക്കൊണ്ടിരിക്കും. അവർക്ക് ലജ്ജയും അപമാനഭീതിയും മൂലം മാനസ്സിക സംഘർഷങ്ങൾ വർദ്ധിക്കുവാൻ വളരെ സാദ്ധ്യത ഉണ്ട്. ഈ സാഹചര്യത്തിൽ ആഗ്രഹിക്കുന്നതും ആവശ്യപ്പെടുന്നതും സ്വച്ഛമായ ഒരു മനസ്സാക്ഷിയും ശാന്തി നിറഞ്ഞ ഹൃദയവുമാണ്. ഇത് പ്രാപിക്കുവാൻ പാപമോചനം ആവശ്യമാണ്.

എന്നാൽ പാപമോചനം സംപ്രാപ്യമാകണമെങ്കിൽ നമ്മുടെ കുറവുകളെക്കുറിച്ചുള്ള ബോദ്ധ്യം ആവശ്യമാണ്. മറ്റുള്ളവരുടെ കുറവുകളേയും കുറ്റങ്ങളേയും വേഗത്തിൽ നാം കണ്ടെത്തും; അവയെപ്പറ്റി നിശിതമായ വിമർശനങ്ങൾ ഉയർത്തുകയും ചെയ്യും. എന്നാൽ നമ്മുടെ സ്വന്തം കുറവുകളെ നേരിടുവാൻ നാം ഒരുക്കമുള്ളവരല്ല. അഥവാ ബോധ്യമായാൽത്തന്നെ അവയ്ക്ക് പല ന്യായീകരണങ്ങളും സാധൂകരണങ്ങളും കണ്ടെത്തുകയും ചെയ്യും. പരിശുദ്ധാത്മാവ് നമ്മിൽ പ്രവർത്തിക്കുമ്പോൾ തെറ്റിനെ കാണുവാനും, അംഗീകരിക്കുവാനും, അതിനെപ്പറ്റി പശ്ചാത്തപിക്കുവാനും നാം സന്നദ്ധമാകും. കർത്താവ് പറഞ്ഞു “അവൻ (പരിശുദ്ധാത്മാവ്) വന്നു പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചും, ന്യായവിധിയെക്കുറിച്ചും ലോകത്തെ ബോദ്ധ്യപ്പെടുത്തും (യോഹ. 16:8). പാപബോധം വന്ന് തെറ്റിനെ അംഗീകരിച്ച് ഏറ്റുപറയുമ്പോൾ നമുക്ക് മോചനം ലഭിക്കുന്നു. ഹൃദയത്തിന് ആശ്വാസവും, സമാധാനവും, സ്വസ്ഥതയും ഇതിലൂടെ കൈവരുന്നു.

പാപമോചനം ഒരിക്കൽ മാത്രമായി ഒതുക്കാവുന്ന വിഷയമല്ല. ജീവിതത്തിൽ ഉടനീളം നിലനിർത്തേണ്ട ഒന്നാണ്. നാം സ്വാഭാവികമായി പാപികൾ ആയതുകൊണ്ട് പാപം നമ്മിൽ ആവർത്തിക്കുന്നു. അപ്പോഴൊക്കെ മോചനവും നാം നേടേണ്ടതാണ്. അങ്ങനെയാണ് ആത്മീയ വളർച്ചയും പുരോഗതിയും സാധ്യമാകുന്നത്. ദൈവത്തോട് മാത്രമല്ല, മറ്റുള്ളവരോടും തെറ്റു ചെയ്താൽ നാം മാപ്പ് അപേക്ഷിക്കണം. ‘എനിക്ക് ഖേദമുണ്ട്’ (I am Sorry) ഞാൻ തെറ്റിപ്പോയി; എന്നോട് ക്ഷമിക്കണം-ഈ വാക്കുകൾ നമ്മിൽ നിന്നുണ്ടാകേണ്ടതാണ്. കുടുംബത്തിൽ ഭാര്യ-ഭർത്തൃ ബന്ധത്തിലായാലും, മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധത്തിലായാലും മേൽ പറഞ്ഞ വാക്കുകൾക്ക് വളരെയേറെ പ്രസക്തി ഉണ്ട്. ബന്ധങ്ങൾ ഉലഞ്ഞുപോകാതെ ഭദ്രമാക്കി നിലനിർത്തുവാൻ ഇത് സഹായിക്കുന്നു. നമ്മുടെ അനുദിന ജീവിതത്തിൽ എല്ലാ ബന്ധങ്ങളിലും കാത്തുസൂക്ഷിക്കേണ്ട പ്രസക്തമായ ഒരു കാര്യമാണിത്. നമ്മുടെ അഹന്തകൾ ഉപേക്ഷിച്ച് പാപമോചനവും, സൗഖ്യവും പ്രാപിച്ച് ദൈവജനമായി ദൈവനാമ മഹത്വത്തിനായി നമുക്ക് പ്രവർത്തിക്കാം.

അതിന് സർവ്വശക്തനായ ദൈവം നമ്മെ ഏവരേയും ശക്തീകരിക്കുകയും, സഹായിക്കുകയും ചെയ്യട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

എന്ന്, നിങ്ങളുടെ ഇടവക വികാരി.

**റവ. ജോർജ് യോഹന്നാൻ**
ഫോൺ. 39732763,17250630
rev.georgeyohannan@gmail.com